കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -10/164/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
e-Mail : doksd.ksad@kerala.gov.in
Phone : 04994256690.

തീയതി .23.02.2019

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പനത്തടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പനത്തടി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.).

പകർപ്പ് : 1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി -10/164/2019 തിയതി:23.02.2019

# കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08-2017മുതൽ 03-02-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കം, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2017 മുതൽ 31-03-2018 വരെ നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

| | |
|---|---|
| ശ്രീ മഹേശ.ബി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |

ഓഡിറ്റിന് വിനിയോഗിച്ച സമയം

| |
|---|
| 04-02-2019 മുതൽ 12-02-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| (1) ശ്രീ ലോകേശ ആചാരി. ബി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് ) |
| (2) ശ്രീ വിനോദ് കുമാർ. വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| (3) ശ്രീ യാദവ കുമാർ. സി. എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| (4) ശ്രീ രഘുനാഥൻ. കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| (5) ശ്രീ ശിവശങ്കര കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ പി.ജി.മോഹനൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ ജോസഫ് എം ചാക്കോ | 01-04-2017 മുതൽ 14-04-2017 വരെ |
| | ശ്രീ ജോസ് അബ്രഹാം (ഹെഡ് ക്ലർക്ക് ചാർജ്) | 15-04-2017 മുതൽ 07-05-2017 വരെ |
| | ശ്രീ കെ ശോഭന | 08-05-2017 മുതൽ 16-06-2017 വരെ |
| | ശ്രീ ജോസ് അബ്രഹാം (ഹെഡ് ക്ലർക്ക് ചാർജ്) | 17-06-2017 മുതൽ 04-07-2017 വരെ |
| | ശ്രീ ബാലകൃഷ്ണൻ | 05-07-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലാവധി |
|---|---|---|
| കൃഷി ഓഫീസർ | വിനോധിനി A | 01-04-2017 മുതൽ to 25-12-2017 |
| | അഭിജിത്ത് കുമാർ V.P | 26-12-2017 മുതൽ to31-03-2018 |
| വെറ്ററിനറി സർജ്ജൻ | ഡോ നിർമ്മൽ ചാക്കോ വി | 01-04-2017 മുതൽ 31-03-2018 വരെ |
| ഡെയറി ഫാം ഇൻസ്പക്ടർ | ജോസ് ജയകുമാർ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ അജയൻ കെ വി | 01-04-2017മുതൽ 30-07-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ മാർക് ജോസഫ് | 31-07-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ | ഡോ സജിത്ത് വി പി | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | ഇക്ബാൽ | 01-04-2017 മുതൽ 31-03-2018 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | റമ്ലത്ത് വൈ | 01-04-2017മുതൽ 06-12-2017 |
| | പ്രീനാപ്രസാദ് | 07-12-2017 മുതൽ 31-03-2018 |
| ഹെഡ്മാസ്റ്റർ GLPS പ്രാന്തർകാവ് | എ ബാലചന്ദ്രൻ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ജിഷ്ണു.ബി | 01-04-2017 മുതൽ 27.09.2017 വരെ |
| | വൈശാഖ്.ബി | 28-09-2017 മുതൽ 09-01-2018 വരെ |
| | രാജേഷ്.എം.കെ | 10-01-2018 മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | തനത് വരുമാനം | 1-12 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | തുക വരവ് വച്ച് അപാകത ക്രമീകരിക്കേണ്ടതാണ്. | 2-1 |
| 14 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-3 |
| 16 | ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-4 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | മുൻകൂർ യാത്രാബത്ത നൽകിയത് ക്രമപ്പെടുത്തിയിട്ടില്ല. | 3-1 |
| 18 | കുടിവെള്ള വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല | 3-2 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി- പ്രൊജക്റ്റ് നം.135/18-അപാകത | 3-3 |

| | | |
|---|---|---|
| 20 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി-പ്രൊജക്ട് നം.04/18 - അപാകത | 3-4 |
| 21 | സമ്പൂർണ്ണ വൈദ്യുതീകരണം തുക നൽകൽ പദ്ധതി- അപാകത | 3-5 |
| 22 | എൻഡോസൾഫാൻ ആംബുലൻസ് റിപ്പയർ പദ്ധതി- അപാകത | 3-6 |
| 23 | സ്ലീറ്റ്മാൻ ലൈൻ സ്ഥാപിക്കൽ പദ്ധതി- അപാകത | 3-7 |
| 24 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പനത്തടി-ആശുപത്രി മാനേജിംഗ് കമ്മിറ്റി- കണക്കുകൾ ഓഡിറ്റിനു സമർപ്പിച്ചിട്ടില്ല | 3-8 |
| 25 | ഗ്രാമപഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല | 3-9 |
| 26 | റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങി നൽകിയതിലും തുക തിരികെ ഈടാക്കിയതിലും അപാകതകൾ | 3-10 |
| 27 | സർവ്വീസ് ടാക്സ് ഇനത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സർക്കാർ നിർദേശങ്ങൾ പാലിക്കാതെ കരാറുകാരന് നൽകി | 3-11 |
| 28 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തിക്ക് - 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടും നികുതികൾ പഞ്ചായത്ത് വഹിച്ചു- നഷ്ടം | 3-12 |
| 29 | പശുക്കളെ വാങ്ങാൻ ധനസഹായം (ജനറൽ)- അപാകതകൾ | 3-13 |
| 30 | പശുക്കളെ വാങ്ങാൻ ധനസഹായം (പട്ടിഗ വർഗ്ഗ വനിതകൾക്ക്)- അപാകതകൾ | 3-14 |
| 31 | ആട്ടുകളെ വാങ്ങാൻ ധനസഹായം (ജനറൽ) -സംബന്ധിച്ച് | 3-15 |
| 32 | ആട്ടുകളെ വാങ്ങാൻ ധനസഹായം (പട്ടിഗ വർഗ്ഗ ഗുണഭോക്താകൾക്ക് )- സംബന്ധിച്ച് | 3-16 |

| | | |
|---|---|---|
| 33 | കാർഷികമേഖലയിൽവിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല | 3-17 |
| 34 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ അപാകതക്കൾ | 3-18 |
| 35 | ഭവന നിർമ്മാണപദ്ധതികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 3-19 |
| 36 | കൃഷി ഓഫീസരുടെ നിർവ്വഹണത്തിലെ അപാകതക്കൾ -2,69,500/-തടസ്സപ്പെടുത്തുന്ന | 3-20 |
| | ഭാഗം 4<br>ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം | |
| 37 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 40 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപം | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


<u>അനുബന്ധം</u>


1. റസീറ്റ് & പേമെന്റ് അക്കൗണ്ട്

2.ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്

3. ബാലൻസ് ഷീറ്റ്

4. ഓഡിറ്റ് സാക്ഷ്യപത്രം.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30-03-2017 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| പ്രതീക്ഷിത വരവ് | ₹22,73,98,300 |
| ആകെ | ₹22,73,98,300 |
| പ്രതീക്ഷിത ചെലവ് | ₹22,57,94,000 |
| നീക്കിയിരിപ്പ് | ₹16,04,300 |

(മുന്നിരിപ്പ് തുക എത്രയാണെന്ന് കാണിച്ചിട്ടില്ല.)

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28-06-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 12.07.2018 & 13.07.2018 | നം: കെ.എസ്.എ/കെ.എസ്.ഡി.3 /784/2018.തി.08.08.2018 |

പനത്തടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വിവാഹ ധനസഹായമിനത്തിൽ തൻവർഷം 1,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.15/17-18;തി.06.03.18,സെക്രട്ടറി). എന്നാൽ ഇത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ (പനത്തടി SCB - 101), 31-3-2018 ലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി കഴിഞ്ഞ ചെക്ക് നം.8726/16.03.17; ₹ 150/- ; നാളിതുവരെയായും ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്ത ചെക്ക് (നം. 202112/ 31.03.17 or വൗച്ചർ നം. 117010500002/19.04.17) ₹ 3,000/- എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക.

3. AFS പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ FTO തുക 4,78,36,647/- രൂപയാണ് (I-6 & RP-16). എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ഇത് 4,50,89,560/- രൂപയാണ്. വ്യത്യാസത്തിന് (27,47,807/-) വിശദീകരണം നൽകേണ്ടതാണ്.

4. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-18ലെ 460509901(Advance to others) എന്ന ഹെഡിൽ 8,71,868/- രൂപ ചേർത്തിട്ടുണ്ടെങ്കിലും, തൊഴിലുറപ്പ് പദ്ധതിക്ക് advance നൽകിയതിന്റെ വിശദാംശങ്ങൾ R&P Statement ൽ ചേർത്തിട്ടില്ല. മുൻകൂർ നൽകിയതും അവ ക്രമീകരിക്കുന്നതും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-5ലെ ലോൺ തിരിച്ചടവ് തുക 47,53,479/- എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കേണ്ട തുക 47,84,701/- രൂപയാണ്. ധനകാര്യ പത്രികയിൽ, റെവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് താലൂക്കിൽ അടക്കുന്ന Collection Charge കൂടി തിരിച്ചടവിൽ ഉൾപ്പെടുത്തിയതിനാലാണ് വ്യത്യാസമുണ്ടായത്. അതിനാൽ രണ്ട് ബാധ്യതകളെയും പ്രത്യേക ഹെഡുകളിൽ ചേർത്ത് ബാധ്യതകൾ ക്രമീകരിക്കേണ്ടതാണ്.

6. ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ2,00,673/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.ധനകാര്യ പത്രിക പ്രകാരം ഈ ഷെഡ്യൂളിലെ Auction Deposits എന്ന ഇനത്തിന്റെ മുന്നിരിപ്പ് - 33,400/- ; വരവ്- 11,100/- ; ചെലവ്- 0 എന്നാണുള്ളത്.എന്നാൽ തൻവർഷം ഈയിനത്തിലെ ആകെ ബാധ്യതയായി ചേർത്ത തുക 41,500/- രൂപയാണ്. ഇത് ക്രമീകരിക്കണ്ടതാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

7. ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ B-9ൽ (Advance Collection of Revenues- Property Tax on Residetial Buildings) 350410101 എന്ന ഹെഡിൽ 65,712/- എന്നും RP-36 ൽ ഇത് 54,939/- എന്നുമാണ് ചേർത്തിട്ടുള്ളത്.അത് പരിശോധിച്ച് ക്രമീകരിക്കണ്ടതാണ്.

8. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ, ബി-11ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത, കണക്കാക്കാവുന്നതല്ല.

9. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ , ബാലൻസ് സ്റ്റേറ്റ് മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
10. തൊഴിൽ നികുതി , ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
11. അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,64,91,477 |
| വരവ് | ₹7,31,06,571 |
| ആകെ | ₹8,95,98,048 |
| ചെലവ് | ₹8,07,78,903 |
| നീക്കിയിരിപ്പ് | ₹88,19,145 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ(₹) | ചെലവ് (₹) | നീക്കി യിരിപ്പ്(₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,42,75,017 | 1,42,75,017 | 1,32,82,711 | 9,92,306 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 39,05,063 | 39,05,063 | 24,71,732 | 14,33,331 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1,03,99,462 | 1,03,99,462 | 91,68,916 | 12,30,546 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | 0 | 1,30,50,245 | 1,30,50,245 | 85,12,611 | 45,37,634 |
| മെയിന്റനൻസ് ഫണ്ട് നോൺ- | 0 | 42,48,795 | 42,48,795 | 35,32,191 | 7,16,604 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 92,88,220 | 92,88,220 | 69,93,531 | 22,94,689 |
| കെ.എൽ.എസ്.ജി.ഡി.പി-സെൻട്രൽ (ACR പ്രകാരം) | | 0 | 33,99,593 | 33,99,593 | 20,96,283 | 13,03,310 |
| കെ.എൽ.എസ്.ജി.ഡി.പി-സംസ്ഥാനം (ACR പ്രകാരം) | | 0 | 5,07,244 | 5,07,244 | 5,07,244 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 4,46,90,381 | 4,46,90,381 | 4,46,90,381 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2,64,802 | 10,46,548 | 13,11,350 | 12,73,724 | 37,626 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | 1) (TSC) | 98,800 | 0 | 98,800 | 0 | 98,800 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 11,95,500 | 11,95,500 | 1,95,500 | |
| | ജില്ലാ പഞ്ചായത്ത് | 0 | 21,20,000 | 21,20,000 | 10,94,805 | 10,25,195 |

# 1-6 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾഎന്നിവ ജി.ഒ.(എം.എസ്) നം 72/2017 ത സ്വ ഭ വ തീയതി 29/3/2017 & ജി.ഒ.(എം.എസ്) നം 10/2017 തസ്വ ഭ വ തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി

ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി 23-01-2017ന് രൂപീകരിച്ചിട്ടുണ്ട്. (പഞ്ചായത്ത് ഭരണ സമിതി തീരുമാനം 11 തീയതി 23-01-2017 )ആസൂത്രണ സമിതിയിൽ 18 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 5 തീയതി 28-01-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഈ ആസൂത്രണസമിതി 2017-18 ൽ 4 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുവാനായി നിർദ്ദേശം നൽക്കിയതായി കണ്ടില്ല.

വികസനരേഖ

മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

വികസന സെമിനാർ -

20-05-2017ന് ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. 165 പേർ ഇതിൽ സംബന്ധിച്ചിട്ടുണ്ട്.

2017-18 വർഷത്തിൽ മൊത്തം 254 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 11,64,58,983 രൂപ.എന്നാൽ 158,പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളൂ. മൊത്തം പദ്ധതി ചെലവ്,5,53,56,378 രൂപ മാത്രമാണ്.മൊത്തം അടങ്കലിന്റെ 47.12 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 254 | 11,64,58,983 | 158 | 5,53,56,378 | 0 | 96 | 62.2 |

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 12 | 65,76,610 | 12 | 41,18,284 | 62.62 |
| 2 | വെറ്ററിനറി സർജൻ | 10 | 45,28,800 | 10 | 24,91,700 | 55 |
| 3 | മെഡിക്കൽ ഓഫീസർ, PHC | 5 | 18,87,450 | 3 | 16,58,691 | 87.87 |

| | | | | | | |
|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 7,00,000 | 1 | 7,00,000 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 2,00,17,000 | 15 | 57,75,637 | 28.85 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 37,10,000 | 9 | 35,56,122 | 95.85 |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 27 | 1,30,15,937 | 20 | 78,19,909 | 60 |
| 8 | ഹെഡ് മാസ്റ്റർ | 14 | 36,51,551 | 8 | 23,55,954 | 64.51 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 149 | 5,97,09,935 | 79 | 2,42,18,381 | 40.56 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 36,61,700 | 1 | 26,61,700 | 72.69 |
| ആകെ | | 254 | 11,64,58,983 | 158 | 5,53,56,378 | 47.12 |

വികസനത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിൽ വികസനത്തിനു വേണ്ടി സർക്കാർ ഫണ്ട് ലഭ്യമാക്കിയിട്ടും വികസന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 19 |
| 2 | വികസനം | 14 |
| 3 | ക്ഷേമകാര്യം | 15 |
| 4 | ആരോഗ്യം, വിദ്യാഭ്യാസം | 13 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി

നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രനം | സ്റ്റാൻഡിങ് കമ്മിറ്റിയുടെപേര് | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | ധനകാര്യം | 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | 3 |
| 2 | വികസനം | 1 | കൃഷിയും അനുബന്ധമേഖലകളും | 3 |
| | | 2 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 3 |
| | | 3 | ചെറുകിട വ്യവസായം | 2 |
| | | 4 | പൊതുമരാമത്ത് | 3 |
| 3 | ക്ഷേമകാര്യം | 1 | ദാരിദ്ര്യ ലഘൂകരണം | 3 |
| | | 2 | സാമൂഹ്യക്ഷേമം | 3 |
| | | 3 | പട്ടിക ജാതി വികസനം | 3 |
| | | 4 | പട്ടിക വർഗ്ഗ വികസനം | 3 |
| | | 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 3 |

| | | | | |
|---|---|---|---|---|
| 4 | ആരോഗ്യ, വിദ്യാഭ്യാസം | 1 | ആരോഗ്യം | 3 |
| | | 2 | കുടിവെള്ളം,ശുചിത്വം | 3 |
| | | 3 | വിദ്യാഭ്യാസം, സംസ്കാരം, കലാകായിക, യുവജനക്ഷേമം | 2 |

മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | ₹2,64,802 | ₹10,46,548 | ₹13,11,350 | ₹12,73,724 | ₹37,626 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | ₹4,46,90,381 | 4₹,46,90,381 | ₹4,46,90,381 | 0 |
| ആകെ | ₹2,64,802 | ₹4,57,36,929 | ₹4,60,01,731 | ₹4,59,64,105 | ₹37,626 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,600 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 14,66,800 | 173 |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,36,98,200 | 1185 |
| വാർദ്ധക്യകാലപെൻഷൻ | 1,73,46,900 | 1477 |
| വികലാംഗപെൻഷൻ | 30,13,400 | 252 |
| 50 വർഷം കഴിഞ്ഞ അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 3,60,200 | 28 |
| വിധവകളുടെ പെൺമക്കളുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-12-2018 (2.50PM)ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,510 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിന്റെ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല . ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല
(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻഡിങ് കമമറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

(8)മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻഡിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-01-2019 | 10/2018 മുതൽ 12/2018 വരെ | 22-01-2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | 2012-13 | വിവരം ലഭ്യമല്ല |

## 1-12 തനത് വരുമാനം

| വർഷം | ഇനം | മുൻവർഷം(₹) | തൻവർഷം(₹) | വ്യത്യാസം(₹) | ശതമാനം (+)/(-) |
|---|---|---|---|---|---|
| 2017-18 | നികുതി വരവുകൾ | 37,61,428 | 43,39,251 | +5,77,823 | 15.36% |
| | നികുതിയേതര വരവുകൾ | 8,50,435 | 7,63,474 | -86,961 | -10.22% |
| | മറ്റുവരവുകൾ | 1,94,505 | 49,180 | -1,45,325 | -74.71% |
| | ആകെ | 48,06,368 | 51,51,905 | +3,45,537 | 7.2% |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തുക വരവ് വച്ച് അപാകത ക്രമീകരിക്കേണ്ടതാണ്.

2017-18 ലെ" Cheque And Draft Received" രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥലം മാറി പോയ മുൻ അക്കൗണ്ടന്റ് ശ്രീ വി കെ സുരേഷ് എന്നരുടെ Festival Advance Refund തുകയായി 3000/-രൂപുടെ ചെക്ക് ( Cheque No 202112 dt 31.03.2017 )Villiapally Panchayat ൽ നിന്ന് 19.04.2017ന് ലഭിച്ചതായി രജിസ്റ്ററിലെ പേജ് നം 41 ൽ ചേർത്തിട്ടുണ്ട്.ഈ ചെക്ക് Panathady Service Co-operative Bank ലെ 5170 അക്കൗണ്ടിലേക്ക് കലക്ഷൻനായി 21.04.2017ന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ 5170 അക്കൗണ്ടിലേക്ക് വരവ് വച്ചതായി കാണുന്നില്ല. ഈ തുക മാർച്ച് 2017-2018 കാലങ്ങളിലെ

Reconcilation ൽ കലക്ഷൻ ആവാത്ത ചെക്ക് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ചെക്ക് ബാങ്കിന്റെ പക്കൽ നിന്നും നഷ്ടപ്പെട്ടതായി മറുപടി നൽകിയിട്ടുള്ളത്. ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതും ബാങ്കിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ തുക വരവ് വച്ച് അപാകത

ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെപേര്/ സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | Forest Range Office Kanhangad. | 2017-18 ഒന്നാം അർദ്ധവർഷം |
| 2 | G.W.U.P School ,Panathur | 2017-18 ഒന്നാം അർദ്ധവർഷം |
| 3 | Head Post Office, Kanhangad | 2017-18 ഒന്നാം അർദ്ധവർഷം |
| 4 | Parappa Block Panchayath. | 2017-18 ഒന്നാം അർദ്ധവർഷം |
| 5 | Panathur Milk Producers Co-operative society. | 2017-18 ഒന്നാം അർദ്ധവർഷം |
| 6 | Maveli store Balanthode. | 2017-18 ഒന്നാം അർദ്ധവർഷം |
| 7 | Panathady Grama Panchayath | 2017-18 ഒന്നാം അർദ്ധവർഷം |
| 8 | Malanad Rubco Society Panathady. | 2017-18 ഒന്നാം അർദ്ധവർഷം |
| 9 | Malanad Rubco Society Panathur | 2017-18ഒന്നാം അർദ്ധവർഷം |
| 10 | Insight internet Panathur | 2017-18 ഒന്നാം |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 11 | Maveli Store ,Kolichal. | 2017-18 ഒന്നാം അർദ്ധവർഷം |
| 12 | Kolichal Milk Producers Co-operative society. | 2017-18 ഒന്നാം അർദ്ധവർഷം |
| 13 | Jnyana Mandir Pulikkav | 2017-18 ഒന്നാം അർദ്ധവർഷം |
| 14 | Homoeo Dispensary Panathady. | 2017-18 രണ്ടും അർദ്ധവർഷം |
| 15 | Commercial Check Post | 2017-18 രണ്ടും അർദ്ധവർഷം |
| 16 | Panathur Milk Producers Co-operative society. | 2017-18 രണ്ടും അർദ്ധവർഷം |
| 17 | Maveli store Balanthode. | 2017-18 രണ്ടും അർദ്ധവർഷം |
| 18 | Panathady Grama Panchayath | 2017-18 രണ്ടും അർദ്ധവർഷം |
| 19 | Malanad Rubco Society Panathady. | 2017-18 രണ്ടും അർദ്ധവർഷം |
| 20 | Malanad Rubco Society Panathur | 2017-18 രണ്ടും അർദ്ധവർഷം |
| 21 | Insight internet Panathur | 2017-18 രണ്ടും അർദ്ധവർഷം |
| 22 | Sri Dharma Shastha Driving School Panathur. | 2017-18 രണ്ടും അർദ്ധവർഷം |
| 23 | Kolichal Milk Producers Co- | 2017-18 രണ്ടും |

| | | |
|---|---|---|
| | operative society. | അർദ്ധവർഷം |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിപിരിച്ചെട്ടുത്ത് വിശദാംശങ്ങൾഓഡിറ്റിനെ ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

## 2-4 ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻകൂർ യാത്രാബത്ത നൽകിയത് ക്രമപ്പെട്ടുത്തിയിട്ടില്ല.

വൗച്ചർ നം.21700292/18.9.17 – 3000/- രൂപ,ചെക്ക് നം.15741/16.9.17

മേൽ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ബാലകൃഷ്ണൻ. കെ എന്നവർക്ക് തിരുവനന്തപുരം യാത്ര നടത്തുന്നതിന് മുൻകൂർ യാത്രാബത്തയായി ആകെ 3000/-രൂപ അനുവദിച്ചിട്ടുണ്ട്. കെ.എഫ്.സി ആർട്ടിക്കിൾ- 88 പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസാവസാനത്തിന് മുൻപായി അന്തിമ യാത്രാബിൽ തയ്യാറാക്കി മുൻകൂർ ക്രമപ്പെട്ടുത്തേണ്ടതാണ്. സർക്കാർ ഉത്തരവ് നം.197/2013/ധന,തിയ്യതി.30.4.2013 പ്രകാരം 3 മാസത്തിനകം മുൻകൂർതുക ക്രമപ്പപ്പെട്ടുത്തിയിട്ടില്ലെങ്കിൽ 18% പിഴ സഹിതം തുക തിരിച്ച് പിടിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈപ്പറ്റിയ മുൻകൂർ തുക ക്രമീകരിച്ചതിന്റെ

രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.04/07.2.2019 പ്രകാരം മുൻകൂർ തുക ക്രമീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.

## 3-2 കുടിവെള്ള വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.21700203/3.7.17 – 1,05,820/- രൂപ

വൗച്ചർ നം.21700204/3.7.17 – 1,22,155/- രൂപ

പനത്തടി ഗ്രാമപഞ്ചായത്ത് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2017-18 വർഷത്തിൽ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് ആകെ 2,27,975/- രൂപ ചെലവഴിച്ചിട്ടുണ്ട്. 4.5.17 മുതൽ 28.5.17 വരെ ആകെ 25 ദിവസം കുടിവെള്ളവിതരണം നടത്തിയതിനാണ് തുക ചെലവഴിച്ചത്. ഭരണസമിതി തീരുമാനം നം.1/25.4.17 പ്രകാരം ശ്രീ.നിനു.കെ.ജെയിംസ്, ശ്രീ.ജഗ്ഗീഷ് കുമാർ എന്നിവർ സമർപ്പിച്ച ക്വട്ടേഷൻഅംഗീകരിച്ചുകൊണ്ടാണ് കുടിവെള്ള വിതരണം നടത്തിയത്. KL-17-G-1980, KL-14-E-9441 എന്നീ വാഹനങ്ങളിലാണ് കുടിവെള്ള വിതരണം നടത്തിയത്. ശ്രീ.നിനു.കെ.ജെയിംസിന് KL-17-G-1980 വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് 1924 കിലോമീറ്റർ ഓടിയതിന് 55/-രൂപ നിരക്കിൽ ആകെ 1,05,820/- രൂപയും, ശ്രീ.ജഗ്ഗീഷ് കുമാർ KL-14-E-9441 വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് 2221 കിലോമീറ്റർ ഓടിയതിന് 55/-രൂപ നിരക്കിൽ ആകെ 1,22,155/- രൂപയും ചേർത്ത് ആകെ 2,27,975/-രൂപ മേൽവൌച്ചറുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.005398/1.7.17, നം.005399/1.7.17) ഈ പ്രവർത്തി നടത്തിയതിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1) ഈ പ്രവർത്തിക്കായി ക്വട്ടേഷന് ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ബഹു.ജില്ലാ കളക്ടറുടെ കത്ത് നം.K1-48037/2016/31.3.17 പ്രകാരം കൃത്യമായ ട്രിപ്പ് ഷീറ്റ് അടിസ്ഥാനമാക്കിയാണ് തുക നല്കേണ്ടത്. ട്രിപ്പ് ഷീറ്റിൽ ഓടിയ കിലോമീറ്റർ, സ്ഥലം എന്നിവ കൃത്യമായി രേഖപ്പെടുത്തണം. അതിന്റെ മാതൃക കത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ട്രിപ്പ് ഷീറ്റ് വില്ലേജ് ഓഫീസർ, സെക്രട്ടറി, വാർഡ് മെമ്പർ എന്നിവർ സാക്ഷ്യപ്പെടുത്തണം. ശ്രീ.നിനു.കെ.ജെയിംസ്, ശ്രീ.ജഗ്ഗീഷ് കുമാർ എന്നിവർ സമർപ്പിച്ച ട്രിപ്പ് ഷീറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) വിതരണം ചെയ്യുന്ന വാഹനത്തിന് ജി.പി.എസ് സംവിധാനം ഘടിപ്പിക്കണം. ജി.പി.എസ് സംവിധാനം വഴി കുടിവെള്ളവിതരണം നിരീക്ഷിച്ചിട്ടുണ്ട് എന്ന് ഇതിനായി ചുമതലപ്പെടുത്തിയ ജീവനക്കാരായ ശ്രീ.ജോസ്.വി,ക്ലാർക്ക്, ശ്രീ.ചന്തുനായർ.പി.ടി.എസ് എന്നിവരുടെ കത്ത് ഫയലിൽ ഉണ്ട്. പക്ഷെ ഈ സംവിധാനം ഘടിപ്പിച്ചതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ജി.പി.എസ് ട്രിപ്പ് ഷീറ്റ് എന്നിവ ഒത്ത് നോക്കിയാണോ തുക നൽകിയത് എന്ന് വ്യക്തമല്ല.

4)ലോഗ് ബുക്ക് സൂക്ഷിക്കണം, വിതരണം ചെയ്യുന്ന ദിവസം തന്നെ ട്രിപ്പ് ഷീറ്റ് തയ്യാറാക്കി

ലോഗ് ബുക്കിൽ രേഖപ്പെടുത്തണം. ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല.

5)ആദായനികുതി 1% പിടിച്ച് ബാക്കി തുകയാണ് നൽകേണ്ടത്. ആദായനികുതി 2280/- രൂപ ഈടാക്കിയിട്ടില്ല.

6)ശ്രീ.നിനു.കെ.ജെയിംസ്, ശ്രീ.ജഗ്ഗീഷ് കുമാർ എന്നിവർ EMD ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.03/07.2.2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,27,975/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.135/18

ബിൽ നം.17/17-18/15.11.17 – 2,57,400/- രൂപ.

പനത്തടി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിച്ച ഇടങ്ങളിൽ LEDസ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഭരണസമിതി തീരുമാനം നം.10/20.10.17 പ്രകാരം KREWS, കിൻഫ്രാ പാർക്ക്,സീതാംഗോളിയിൽ നിന്ന് നേരിട്ട് LEDസ്ട്രീറ്റ് ലൈറ്റുകൾ വാങ്ങാൻ തീരുമാനിച്ചു. 27.10.17 ന് KREWS മായി കരാർ ഒപ്പിട്ടു. KREWS ന്റെ ഇൻവോയ്സ് നം.KREWS/GST/23/17-18 dt.28.10.17 പ്രകാരം 18 വാട്സിന്റെ 99 എണ്ണം LEDസ്ട്രീറ്റ് ലൈറ്റുകൾ വിതരണം ചെയ്യുകയും ഇൻസ്റ്റലേഷൻ ചാർജ്ജടക്കം ആകെ 2,57,400/-രൂപ (LEDസ്ട്രീറ്റ് ലൈറ്റ്-239877/- +ഇൻസ്റ്റലേഷൻ ചാർജ്ജ്-17523/-) KREWSന് അവരുടെ ബാങ്ക് അക്കൌണ്ട് നം.67256868977, SBIകാസറഗോഡിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1)KREWS, കിൻഫ്രാ പാർക്ക്,സീതാംഗോളിയിൽ നിന്ന് വാങ്ങിയ 99 എണ്ണം LEDസ്ട്രീറ്റ് ലൈറ്റുകൾ സ്റ്റോക്കിൽ എടുത്തത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)LEDസ്ട്രീറ്റ് ലൈറ്റുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചത് എന്നത് ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ സഹിതമുള്ള വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനുമതിയും മേൽനോട്ടവും വേണം. ഇതിന് ആധാരമായ രേഖകളും മേൽനോട്ടത്തിന് വൈദ്യുതി ബോർഡിൽ തുക ഒടുക്കിയതിന്റെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.07/08.2.2019 പ്രകാരം വിശദവിവരങ്ങൾ ഹാജരാക്കാൻ

ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,57,400/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.04/18

ബിൽ നം.16/17-18/15.11.17 – 3,90,000/- രൂപ.

പനത്തടി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിച്ച ഇടങ്ങളിൽ LEDസ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഭരണസമിതി തീരുമാനം നം.10/20.10.17 പ്രകാരം KREWS, കിൻഫ്രാ പാർക്ക്,സീതാംഗോളിയിൽ നിന്ന് നേരിട്ട് LEDസ്ട്രീറ്റ് ലൈറ്റുകൾ വാങ്ങാൻ തീരുമാനിച്ചു. 27.10.17 ന് KREWS മായി കരാർ ഒപ്പിട്ടു. KREWS ന്റെ ഇൻവോയ്സ് നം.KREWS/GST/23/17-18 dt.28.10.17 പ്രകാരം 18 വാട്സിന്റെ 150 എണ്ണം LEDസ്ട്രീറ്റ് ലൈറ്റുകൾ വിതരണം ചെയ്യുകയും ഇൻസ്റ്റലേഷൻ ചാർജ്ജടക്കം ആകെ 3,90,000/-രൂപ (LEDസ്ട്രീറ്റ് ലൈറ്റ്-363450/- +ഇൻസ്റ്റലേഷൻ ചാർജ്ജ്-26550/-) KREWSന് അവരുടെ ബാങ്ക് അക്കൌണ്ട് നം.67256868977, SBIകാസറഗോഡിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1)KREWS, കിൻഫ്രാ പാർക്ക്,സീതാംഗോളിയിൽ നിന്ന് വാങ്ങിയ 150 എണ്ണം LEDസ്ട്രീറ്റ് ലൈറ്റുകൾ സ്റ്റോക്കിൽ എടുത്തത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)150 എണ്ണം LEDസ്ട്രീറ്റ് ലൈറ്റുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചത് എന്ന് ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ സഹിതം സഹിതമുള്ള വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനുമതിയും മേൽനോട്ടവും വേണം. ഇതിന് ആധാരമായ രേഖകളും മേൽനോട്ടത്തിന് വൈദ്യുതി ബോർഡിൽ തുക ഒടുക്കിയതിന്റെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/08.2.2019 പ്രകാരം വിശദവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,90,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 സമ്പൂർണ്ണ വൈദ്യുതീകരണം തുക നൽകൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.09/18

ബിൽ നം.03/17-18/30.6.17 – 5,23,763/- രൂപ.

സംസ്ഥാന സർക്കാർ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും വൈദ്യുതി കണക്ഷൻ നൽകാനുള്ള സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ഈ പദ്ധതിയുടെ ഭാഗമായി പനത്തടി ഗ്രാമപഞ്ചായത്തിൽ ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളിലേക്ക് വൈദ്യുതി എത്തിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി വകയിരുത്തിയ 5,23,763/- രൂപ മേൽ ബില്ല് പ്രകാരം പിൻവലിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ബാങ്ക് അക്കൗണ്ട് നം.47023170000100(സിൻഡിക്കേറ്റ് ബാങ്ക്)ലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1)എത്ര ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉള്ളത്, അംഗീകൃത ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എസ്റ്റിമേറ്റ്, ഡിമാന്റ് നോട്ടീസ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)ഈ പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.10/11.2.2019 പ്രകാരം വിശദവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 5,23,763/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 എൻഡോസൾഫാൻ ആംബുലൻസ് റിപ്പയർ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.246/18

ബിൽ നം.15/17-18/24.8.17 – 1,99,941/- രൂപ.

പനത്തടി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വാഹനമായ KL-60-J-3449 എൻഡോസൾഫാൻ ആംബുലൻസ് റിപ്പയർ നടത്തുന്നതിനുള്ളതാണ് ഈ പദ്ധതി. SUMS MOBILE MODIFIERS, Kunnamkulam എന്ന സ്ഥാപനമാണ് ഈ പ്രവൃത്തി നടത്തിയത്. പ്രവൃത്തി പൂർത്തീകരിച്ച് നം. 01-SUMS/17-18, dt.9.8.17 പ്രകാരം ആകെ 1,99,941/- രൂപയുടെ ഇൻവോയ്സ് സമർപ്പിക്കുകയും മേൽ ബില്ല് പ്രകാരം തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നം.1922261005630 ( കാനറാ ബാങ്ക്)ലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു.

ഈ പ്രവൃത്തി നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കത്ത് നം.AL/3519/15, dt.6.7.17 പ്രകാരം പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം,കണ്ണൂരിന് കത്ത് നൽകിയിട്ടുണ്ട്. ഈ കത്തിന് നം.D3-3449/PT,dt.14.7.17 പ്രകാരം മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടിയിൽ ഗവൺമെന്റ്

അംഗീകൃത വർക്ക്ഷോപ്പിൽ കാണിച്ച് എസ്റ്റിമേറ്റും, സ്പെയർ പാർട്സിന്റെ പട്ടികയും വാങ്ങി അയക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് രണ്ടും അയച്ചാൽ അത് പരിശോധിച്ച് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ് എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഇത് പ്രകാരം എസ്റ്റിമേറ്റും, സ്പെയർ പാർട്സിന്റെ പട്ടികയും തയ്യാറാക്കി അയച്ചിട്ടുണ്ടോ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്ന് ഫയൽ പരിശോധനയിൽ വ്യക്തമല്ല. പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അംഗീകരിച്ച എസ്റ്റിമേറ്റും, സ്പെയർ പാർട്സിന്റെ പട്ടികയും, അനുവദിച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.11/11.2.19 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,99,941/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 സ്ട്രീറ്റ്മാൻ ലൈൻ സ്ഥാപിക്കൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.10/18

ബിൽ നം.01/17-18/30.6.17 – 9,55,150/- രൂപ.

പനത്തടി ഗ്രാമപഞ്ചായത്തിലെ ചെമ്പേരി മുതൽ കോളിച്ചാൽ വരെയും, ചാമുണ്ടിക്കുന്ന് ടൗണിലും സ്ട്രീറ്റ്മാൻ ലൈൻ സ്ഥാപിക്കുന്നതിനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബളാംതോട് സെക്ഷൻ അസി.എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് നം.47023170000100(സിൻഡിക്കേറ്റ് ബാങ്ക്). ഈ പദ്ധതി നടപ്പിലാക്കിയതിന് ഭരണസമിതി തീരുമാനം, കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഒപ്പിട്ട കരാർ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/11.2.2019 പ്രകാരം ഈ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 9,55,150/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 മെഡിക്കൽ ഓഫിസർ പി.എച്ച്.സി, പനത്തടി-ആശുപത്രി മാനേജിംഗ് കമ്മിറ്റി- കണക്കുകൾ ഓഡിറ്റിനു സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.1.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന

ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫിസർ പി.എച്ച്.സി, പനത്തടി നാളിതുവരെയുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്.എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## **3-9** ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല

പതിമൂന്നാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ( ജി.ഒ. (എം.എസ്) നം. 72/2017 /തസ്വഭവ. തിരുവനന്തപുരം, തീയതി: 29-03-2017 ) ഖണ്ഡിക. 12-10 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്ലാൻ പനത്തടി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. മരാമത്ത്പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്.പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന സമീപനമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇതിനു വിഭിന്നമായി റോഡുകളെ ചെറിയ ചെറിയ ചെയ്നേജിലുള്ള പ്രൊജക്ടുകളയാണ് ഭൂരിഭാഗവും നിർവ്വഹിച്ചിട്ടുള്ളത്. ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രൊജക്ട് ഉണ്ടാക്കേണ്ടത്. ഇങ്ങിനെ ചെയ്യാത്തതുമൂലം ഒരു റോഡിന്റെ പ്രവൃത്തി പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലയാണ്.കൃത്യമായ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുമായി നിർവ്വഹണ ഘട്ടത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാവാം ഇതൊക്കെ പരിഹരിക്കുന്നതിനായി അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും കുറഞ്ഞ ചെയ്നേജിൽ വാർഡ് അടിസ്ഥാനത്തിൽ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പകരം മുൻഗണനനടിസ്ഥാനത്തിൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മരാമത്ത് പ്രൊജക്ടുകൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങി നൽകിയതിലും തുക തിരികെ ഈടാക്കിയതിലും അപാകതകൾ

2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ 31 റോഡ് / റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിനും എമൽഷനും വാങ്ങി നൽകുന്നതിനായി പഞ്ചായത്ത് വിവിധ ഫണ്ടുകളിൽ നിന്നും 35,54,878 രൂപ ഓയിൽ കമ്പനികൾക്ക് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2, 3-3 എന്നിവയിൽ വിവരിച്ചിട്ടുണ്ട്. തുക നൽകിയതിന്റെയും ബിറ്റുമിൻ ലഭിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | എം.ആർ. പി.എൽ | ഹിൻകോൾ | ആകെ |
|---|---|---|---|
